## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 56** **28.05.2019–ന് മറുപടി നൽകേണ്ടിയിരുന്നത്**

## ഒന്നിലധികം തിരിച്ചറിയൽ കാർഡുള്ള വോട്ടർമാർ

**ചോദ്യം**

ശ്രീ. കെ.എസ്. ശബരീനാഥൻ

എ) ആറ്റിങ്ങൽ ലോക് സഭാ മണ്ഡലത്തിൽ ആയിരക്കണക്കിന് വോട്ടർമാർക്ക് ഒന്നിലധികം തിരിച്ചറിയൽ കാർഡും വോട്ടും നിലവിലുണ്ടെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ 1,12,322 ഇരട്ട വോട്ടുകൾ ഉണ്ടെന്ന് കാണിച്ച് യു.ഡി.എഫ് സ്ഥാനാർത്ഥി അഡ്വ. അടൂർ പ്രകാശ്, ബി.ജെ.പി സ്ഥാനാർത്ഥി ശ്രീമതി. ശോഭാ സുരേന്ദ്രൻ എന്നിവർ നൽകിയ പരാതികൾ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ (തഹസിൽദാർമാർ) മുഖാന്തിരം പരിശോധിച്ചിട്ടുള്ളതാണ്. അപ്രകാരം പരിശോധിച്ചതിൽ പേര് , പിതാവിന്റെ പേര് എന്നിവ ഒരുപോലെ വന്നിട്ടുള്ള കേസ്സുകളിലാണ് ഇരട്ട വോട്ട് എന്ന ആരോപണം ഉണ്ടായിട്ടുള്ളതെന്നും പേരും, പിതാവിന്റെ പേരും ഒന്നാണെങ്കിലും ആയത് വ്യത്യസ്ത വ്യക്തികൾ തന്നെയാണെന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ സാങ്കേതിക തകരാറുകൾ കാരണം ഒരു ശതമാനത്തിൽ താഴെ വോട്ടർമാരുടെ വിവരങ്ങൾ ഇരട്ടിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വോട്ടർമാർ ഇരട്ട വോട്ട് ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

ബി) ഇരട്ട വോട്ടുള്ള വോട്ടർമാരെ കണ്ടെത്തി വോട്ടർപ്പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

(ബി) ഇലക്ഷൻ കമ്മീഷൻ നിർദ്ദേശിക്കുന്ന അവസരങ്ങളിൽ മാത്രമേ വോട്ടർപ്പട്ടികയിൽ ഭേദഗതികൾ വരുത്തുന്നതിന് സാധിക്കുകയുള്ളൂ. വോട്ടർപ്പട്ടികയിൽ ഭേദഗതികൾ വരുത്തുന്നതിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അനുവാദം നൽകുന്ന മുറയ്ക്ക് ഇരട്ട വോട്ടുകൾ കണ്ടെത്തി ഡ്യൂപ്ലിക്കേറ്റ് എൻട്രി ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

സെക്ഷൻ ഓഫീസർ